# STD - X

## അദ്ധ്യാപക സഹായി

## പാഠം – അഞ്ച് യുവജനങ്ങളും ദൈവാരാധനയും ഭാഗം – ഒന്ന്

### ലക്ഷ്യം

യേശുവിന്റെ ജനനം, മരണം, ഉത്ഥാനം എന്നീ പെസഹാ രഹസ്യങ്ങൾ സഭയിലൂടെ ആഘോഷിക്കുകയും അനുഭവിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നതാണ് ക്രൈസ്തവാരാധന.

വിശുദ്ധ കുർബാന, മറ്റ് കൂദാശകൾ, ആരാധനാവത്സരം, കൂദാശാനുകരണങ്ങൾ, യാമപ്രാർത്ഥനകൾ തുടങ്ങിയവയെല്ലാം ലിറ്റർജിയിൽപ്പെടുന്നു.

യേശു മാത്രമാണ് ഏകസത്യദൈവം. ഒരു വ്യക്തിയെ നാം ആരാധിക്കുമ്പോൾ ആ വ്യക്തിയെ നമ്മൾ അറിഞ്ഞിരിക്കണം. യേശു ഏകസത്യദൈവമാണെന്ന് നമുക്ക് പറഞ്ഞുതരുന്ന വിശുദ്ധഗ്രന്ഥമാണ് ബൈബിൾ.1400–1500 വർഷങ്ങൾ കൊണ്ടാണ് ബൈബിൾ എഴുതപ്പെട്ടത്. ഒരു വ്യക്തി ജനിക്കുന്നതിന് ആയിരം വർഷങ്ങൾക്കുമുമ്പ് സങ്കീ. 22:17–ൽ ദാവീദ് യേശുവിന്റെ കുരിശുമരണത്തെക്കുറിച്ച് പറയുന്നു. റോമൻ സാമ്രാജ്യം ക്രൂശമരണത്തെക്കുറിച്ച് ചിന്തിച്ചിട്ടുപോലുമില്ലാത്ത കാലഘട്ടത്തിലാണ് ഇത് എഴുതപ്പെട്ടത്. ഏശയ്യാ 7:14–ൽ യേശുവിന്റെ ജനനത്തെക്കുറിച്ച് പറയുന്നു. യേശുവിന്റെ ജീവചരിത്രമാണ് ബൈബിൾ.

തിരുസഭയോട് ചേർന്നുനിന്ന് ലിറ്റർജിയിൽ പങ്കുകൊണ്ട് ഞാൻ എന്റെ ദൈവത്തെ ആരാധിക്കും. ഞാൻ ആരാധിക്കുന്ന ആ ദൈവത്തിന്റെ സ്വഭാവ സവിശേഷതകൾ എന്റെ ജീവിതത്തിൽ പകർത്തി ക്രിസ്തുവിനു സാക്ഷ്യം വഹിക്കും. (ബൈബിൾ ഉൽപത്തി മുതൽ പുറപ്പാട് വരെ ഞാൻ വായിക്കും)

### പഠനസഹായികൾ

* വചനം – യോഹ. 3:17, സങ്കീ. 22:17, ഏശ. 7:14, ലൂക്കാ. 4:8, നിയ. 6:5, മത്താ. 22:37–38, വെളി. 19:13, യോഹ. 1:1
* ISIL BEHEADS EGYPTIANS: Islamic State in Libiya Release Horrific Video: ഇസ്ലാമിക് ഭീകരവാദികളുടെ മുമ്പിൽ സധൈര്യം നേരിട്ട് ഈശോയ്ക്കുവേണ്ടി രക്തസാക്ഷിത്വം വരിച്ച ലിബിയയിലെ 21 കോപ്റ്റിക് ക്രിസ്ത്യാനികളെ മാർപ്പാപ്പ ഈ വർഷം രക്തസാക്ഷിത്വപദവിയിലേക്ക് ഉയർത്തി

### പാഠത്തിന്റെ ഉള്ളടക്കം

* മനുഷ്യൻ ദൈവത്തെ ആരാധിക്കണമെന്ന് പഴയനിയമത്തിൽ പലവട്ടം ആവർത്തിക്കുന്നുണ്ട്.

* ആദിപാപം മൂലം വന്നുചേർന്ന നിത്യനാശത്തിൽ നിന്ന് മനുഷ്യകുലം വീണ്ടെടുക്കപ്പെട്ടത് ദൈവപുത്രനായ ക്രിസ്തുവിന്റെ പീഡാസഹനവും മരണവും ഉത്ഥാനവും വഴിയാണ്.
* ആരാധനാക്രമം പരിശുദ്ധത്രിത്വത്തിന്റെ പ്രവൃത്തിയാണ്.
* ആരാധനയുടെ ഫലങ്ങൾ
* ആരാധനാക്രമത്തിലെ അടയാളങ്ങളും പ്രതീകങ്ങളും
* ആരാധനാക്രമത്തിലെ കാലങ്ങൾ
* സഭയിൽ ക്രിസ്തുരഹസ്യത്തിന്റെ ആഘോഷത്തിന് പ്രധാനമായും ആറുഘട്ടങ്ങൾ ഉണ്ട് - ആഗമനകാലം, തിരുപ്പിറവിക്കാലം, നോമ്പുകാലം, പെസഹാ ത്രിദിനം, പെസഹാക്കാലം, ആണ്ടുവട്ടം.

## പ്രാർത്ഥന

നിന്റെ ദൈവമായ കർത്താവിനെ നീ ആരാധിക്കണം; അവനെ മാത്രമേ പൂജിക്കാവൂ എന്ന് എഴുതപ്പെട്ടിരിക്കുന്നു. (ലൂക്ക. 4:8) ഈശോയെ, സഭയുടെ ആരാധനാകർമ്മങ്ങൾ വഴി, അങ്ങേക്ക് എന്നും സാക്ഷ്യം നൽകുന്ന ഒരു ജീവിതമായി തീരുവാൻ എന്നെ അനുഗ്രഹിക്കണമേയെന്ന് അങ്ങയോട് അപേക്ഷിക്കുന്നു.

## ചോദ്യങ്ങൾ

1. എന്താണ് ക്രൈസ്തവാരാധന? ആരാധനയുടെ ഫലങ്ങൾ എന്തെല്ലാമാണ്?
2. ആരാധനാക്രമത്തിലെ കാലഘട്ടങ്ങളെക്കുറിച്ച് വിവരിക്കുക.

# STD - X

## അദ്ധ്യാപക സഹായി

## പാഠം – അഞ്ച്   യുവജനങ്ങളും ദൈവാരാധനയും   ഭാഗം – രണ്ട്

### ലക്ഷ്യം

ആരാധനാക്രമത്തിലെ നിറങ്ങൾ, അൾത്താരയിലെ പൂജ്യപാത്രങ്ങൾ, പൂജ്യവസ്തുക്കൾ, ദേവാലയത്തിലെ പ്രധാന സ്ഥലങ്ങൾ തുടങ്ങിയവയെക്കുറിച്ച് ക്രിസ്ത്യാനികളായ നമുക്ക് വ്യക്തമായ അറിവ് ഉണ്ടായിരിക്കണം.

ഞാൻ ദേവാലയത്തിനകത്ത് ഏറ്റവും ഭക്തിയോടും, വിശുദ്ധിയോടും, അച്ചടക്കത്തോടും കൂടെ വ്യാപരിക്കും. പുറത്ത് എവിടെ വച്ചായാലും ദേവാലയങ്ങൾ, കപ്പേളകൾ കടന്നു പോകുമ്പോൾ അവിടെ കുമ്പിട്ട് വണങ്ങി ആരാധിക്കും.

### പഠനസഹായികൾ

* അൾത്താരയിലെ പൂജാപാത്രങ്ങൾ – ചിത്രങ്ങൾ
* വികാരിയച്ചന്റെ അനുവാദത്തോടെ, കപ്യാരുടെ സഹായത്തോടെ Altar Boy Leader, സങ്കീർത്തിയിൽ ഓരോന്നും കുട്ടികളെ കാണിച്ചു പരിചയപ്പെടുത്തുന്നു. (തിരുവസ്ത്ര ങ്ങൾ, പൂജാവസ്തുക്കൾ, പൂജാപാത്രങ്ങൾ)
* ദൈവാലയത്തിലെ വിശുദ്ധ സ്ഥലങ്ങൾ പരിചയപ്പെടുത്തുന്നു.

### പാഠത്തിന്റെ ഉള്ളടക്കം

* ആരാധനാക്രമത്തിലെ നിറങ്ങൾ – വെള്ള, ചുവപ്പ്, പച്ച, വയലറ്റ്, റോസ്, സ്വർണ നിറം
* അൾത്താരയിലെ പൂജാപാത്രങ്ങൾ – കാസ, സിബോറിയം, പീലാസ, corporal, purificator, അരുളിക്ക, ധൂപക്കുറ്റി, cruets, പാൾ, pyx, sprinkler, bells
* ദേവാലയത്തിനകത്തെ മറ്റ് വിശുദ്ധസ്ഥലങ്ങൾ – ബലിപീഠം, വചനവേദി, ക്രൂശിത രൂപം, സക്രാരി, അദ്ധ്യക്ഷപീഠം, കുമ്പസാരക്കൂട്, ജ്ഞാനസ്നാന നീർത്തൊട്ടി.
* അൾത്താരയിലെ പൂജാവസ്തുക്കൾ – വെള്ളം, വീഞ്ഞ്, ഓസ്തി, കുന്തിരിക്കം, വിശു ദ്ധതൈലങ്ങൾ, മെഴുകുതിരി, ഭസ്മം.
* ആരാധനാക്രമഗ്രന്ഥങ്ങൾ – ദിവ്യപൂജാഗ്രന്ഥം, വായനഗ്രന്ഥങ്ങൾ
* ദിവ്യബലിയിലെ പ്രതീകങ്ങൾ – സക്രാരിയെ ശിരസ് നമിച്ചു വണങ്ങൽ, അൾത്താര ചുംബനം, അൾത്താര ധൂപിക്കൽ, പുരോഹിതനെ ധൂപിക്കൽ, സുവിശേഷ വായന യ്ക്കുമുമ്പ് കുരിശടയാളം, സുവിശേഷ പുസ്തക ചുംബനം, കാഴ്ചവയ്പിനുശേഷം

കൈകഴുകൽ, തിരുശരീരത്തിന്റെ ചെറിയഭാഗം തിരുരക്തത്തിൽ കലർത്തൽ.

* സ്തോത്രയാഗ കർമ്മം – കൃതജ്ഞതകളും കൂദാശകർമ്മങ്ങളുമടങ്ങുന്ന സ്തോത്രയാഗ പ്രാർത്ഥന വിശുദ്ധ കുർബാനയുടെ ഹൃദയഭാഗമാണ്.

## പ്രാർത്ഥന

പിതാവായ ദൈവമേ, ആത്മാവിലും സത്യത്തിലും അങ്ങയെ ആരാധിക്കാൻ, ആരാധനാവത്സരാചരണങ്ങളിലൂടെ ഞങ്ങളെ സഹായിക്കണമേ.

## ചോദ്യങ്ങൾ

1. ക്രൈസ്തവാരാധന ത്രിതൈ്വകദൈവത്തിന്റെ പ്രവൃത്തിയാണെന്നു പറയുന്നതെന്തുകൊണ്ട്?
2. ആരാധനാക്രമത്തിലെ നിറങ്ങളേവ? അവയുടെ പ്രത്യേകത എന്ത്? വിവരിക്കുക.
3. ദിവ്യബലിയിലെ പ്രതീകങ്ങൾ ഏവ?
4. സക്രാരിയുടെ പ്രാധാന്യമെന്ത്? സക്രാരിക്കു മുമ്പിൽ നാമെങ്ങനെ വ്യാപരിക്കുന്നു?
5. പിക്സ് എന്നാൽ എന്ത്?